പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6179 10.07.2012- ൽ മറുപടിയ്ക്ക്

"കോഴിവളർത്തൽ ഗ്രാമങ്ങളിൽ" പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന "കോഴിവളർത്തൽ ഗ്രാമങ്ങളിൽ" എന്ന പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചതെന്ന് വ്യക്തമാക്കുമോ; | (എ) വ്യക്തമാക്കാം. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതിയ്ക്കായി 2011-12-ൽ 162.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കണമെന്ന എം.എൽ.എ.യുടെ നിർദ്ദേശം എന്നാണ് മന്ത്രിക്ക് ലഭിച്ചത്; | (ബി) 3/8/2011-ൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് ബഹു. എൽ.എൽ.എ.യുടെ കത്ത് ലഭിച്ചിട്ടുണ്ട്. |
| (സി) മന്ത്രിയുടെ നിർദ്ദേശപ്രകാരം പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ അധികൃതർ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വകുപ്പുതല സിറ്റിംഗ് നടത്തി ഗുണഭോക്താക്കളെ കണ്ടുപിടിക്കുകയുണ്ടായോ; എന്നാണ് ഇതു സംബന്ധിച്ച് സിറ്റിംഗ് നടന്നത്; എത്ര ഗുണഭോക്താക്കൾക്ക് ടോക്കൺ നൽകിയിട്ടുണ്ട്; | (സി) കണ്ടുപിടിയ്ക്കുകയുണ്ടായി. 13/10/2011-ൽ ആണ് ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടന്നത്. 2475 ഗുണഭോക്താക്കൾക്ക് ടോക്കൺ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഗുണഭോക്താക്കൾക്കു ടോക്കൺ നൽകുകയും ഉദ്ഘാടനത്തിന് എം.എൽ.എ. സമ്മതം അറിയിച്ചിട്ടും കോഴിക്കുഞ്ഞും തീറ്റയും വിതരണം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (ഡി) വ്യക്തമാക്കാം. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ കോഴി, തീറ്റ എന്നിവ വിതരണം ചെയ്യുന്നതിനും പരിപാടിയുടെ ഉദ്ഘാടനത്തിനും വേണ്ടി ബഹു. എം.എൽ.എ തീയതിയും സമയവും പഞ്ചായത്ത് അധികാരികളെ അറിയിക്കുകയും അവർ സ്റ്റേറ്റ് ലെവൽ പ്രോഗ്രാം കോ-ഓർഡിനേറ്ററെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ദിവസങ്ങളിൽ എല്ലാം തന്നെ മറ്റു ബഹു. എം.എൽ.എ.മാർക്ക് നേരത്തെ തന്നെ ഉദ്ഘാടനത്തിന് സമയം അനുവദിച്ചതിനാൽ ആ ദിവസത്തിനുള്ള അസൗകര്യം സ്റ്റേറ്റ് ലെവൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ പഞ്ചായത്ത് അധികാരികളെ അറിയിച്ചിരുന്നു. എന്നാൽ ബഹു. എം.എൽ.എ. തരുന്ന അടുത്ത തീയതിയിൽ തന്നെ മാങ്ങാട്ടിടം പഞ്ചായത്തിൽ കോഴി വിതരണം നടത്തുന്നതാണ്. മന:പൂർവ്വമോ, ബോധപൂർവ്വമോ ഒരു വീഴ്ചയും ഇക്കാര്യത്തിൽ കെപ്കോ വരുത്തിയിട്ടില്ല എന്ന് കെ.എസ്.പി.ഡി.സി എം.ഡി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ